പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം..5196 27.6.2019 ൽ മറുപടിയ്ക്ക്

## ആശ്രയ ആജീവനാന്ത പുനരധിവാസ കേന്ദ്രത്തിന്റെ ചട്ട ലംഘനം

ചോദ്യം മറുപടി

ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ മന്ത്രി)

| | |
|---|---|
| (എ) തിരുവനന്തപുരം, വെഞ്ഞാറമൂട്, ആലിയാട്, എ.പി.ആർ നഗറിൽ പ്രവർത്തിക്കുന്ന മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായുള്ള 'ആശ്രയ' എന്ന ആജീവനാന്ത പുനരധിവാസ കേന്ദ്രം സർക്കാരിന്റെ അനുമതിയോടും അംഗീകാരത്തോടെയുമാണോ പ്രവർത്തനം നടത്തുന്നതെന്ന് വ്യക്തമാക്കുമോ; | (എ) തിരുവനന്തപുരം, വെഞ്ഞാറമൂട്, ആലിയാട്, എ.പി.ആർ നഗറിൽ പ്രവർത്തിക്കുന്ന മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായുള്ള 'ആശ്രയ' എന്ന ആജീവനാന്ത പുനരധിവാസ കേന്ദ്രം സംസ്ഥാന സർക്കാരിന്റെ ഓർഫനേജ് കണ്ട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ 16.03.2016 തീയതിയിലെ 2361/16 രജിസ്റ്റർ നമ്പർ പ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനമാണ് .16.3.2016 തീയതി മുതൽ നാല്പ വർഷത്തേക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്. ടി സ്ഥാപനം പേഴ്സൺസ് വിത്ത് ഡിസബിലിറ്റീസ് ആക്റ്റ് പ്രകാരവും രജിസ്റ്റർ ചെയ്തിട്ടുണ്ട് . ടി രജിസ്ട്രേഷന്റെ കാലാവധി 2.6.2019 ൽ അവസാനിച്ചു. അംഗീകാരം പുതുക്കുന്നതിനുള്ള അപേക്ഷ ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സ്ഥാപനം സമർപ്പിച്ചിട്ടുണ്ട്. കൂടാതെ സ്ഥാപനത്തിന് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 19.03.2018 തീയതിയിലെ 522/10/2018 നമ്പർ രജിസ് ട്രേഷനും ഉണ്ട് |
| (ബി) പ്രസ്തുത സ്ഥാപനത്തിൽ അനുവദനീയമായ സ്റ്റാഫ് സ്ട്രെങ്ങ്ത് എത്രയാണ്; തസ്തികകൾ ഇനം തിരിച്ച് വിശദമാക്കുമോ;<br>(സി) പ്രസ് തുത സ്ഥാപനത്തിലെ ഏതെല്ലാം തസ്തികകളിൽ ഇപ്പോൾ ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ;<br>(ഡി) പ്രസ്തുത സ്ഥാപനത്തിന്റെ വാർഡൻ, നഴ്സിംഗ് സ്റ്റാഫ് എന്നീ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഈ തസ്തികകൾ നികത്തുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;<br>(ഇ) പ്രസ്തുത സ്ഥാപനത്തിലെ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ സംരക്ഷണചുമതല ഇപ്പോൾ നിർവ്വഹിക്കുന്നത് ആരാണ്; ഇവരുടെ ഇക്കാര്യത്തിലുള്ള | (ബി) ,(സി) (ഡി) & (ഇ)<br>വിവരം ശേഖരിച്ചു വരുന്നു |

| | |
|---|---|
| യോഗ്യതകൾ എന്തെല്ലാമാണ്; പ്രസ് തുത യോഗ്യതകൾ സർക്കാർ മാനദണ്ഡപ്രകാരം അനുവദനീയമാണോ എന്ന് വെളിപ്പെടുത്തുമോ;<br><br>(എഫ്) നിലവിലുള്ള ചട്ടങ്ങൾ ലംഘിച്ചുകൊണ്ട് പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിനെതിരെ സർക്കാർ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ചട്ടവിരുദ്ധമായി പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിനെതിരെ അന്വേഷണം നടത്തി, സ്ഥാപനത്തിലെ അന്തേവാസികളായ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനായി, ക്രമക്കേട് കാട്ടുന്നവർക്കെതിരെ നടപടി സ്വീകരിക്കുമോ? | (എഫ്) ഈ സ്ഥാപനത്തിന് ഓർഫനേജ് കൺട്രോൾ ബോർഡ് രജിസ്ട്രേഷനും വിദ്യാഭ്യാസവകുപ്പിന്റെ രജിസ്ട്രേഷനുമുണ്ട്. സ്ഥാപനത്തെക്കുറിച്ച് നിലവിൽ പരാതികളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല . |

സെക്ഷൻ ഓഫീസർ